LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതകാര്യത്തിൽ പൊതുമേഖലയ്ക്ക് മുൻതൂക്കം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) ദേശസാൽകൃത റൂട്ടുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചർച്ചചെയ്തു വരുന്നതേയുള്ളൂ.

(സി) ജീവനക്കാരുടെ കുറവുമൂലവും വാഹനങ്ങൾ ലഭിക്കാതെ വരുമ്പോഴും ചില സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നു. യാത്രാക്ലേശം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**50 (3375) ബസ്സുകളിൽ വനിതകൾക്ക് സീറ്റ് സംവരണം**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകളിൽനിന്നും ഒഴിഞ്ഞുകൊടുക്കാത്തതു സംബന്ധിച്ച പ്രശ്നങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാർ ഈവർഷം മർദ്ദനമേറ്റ് ആശുപത്രിയിലായിട്ടുണ്ട്;

(ബി) ദീർഘദൂര ബസ്സുകളിൽ ഇത് നിരന്തരം സംഭവിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) വനിത റിസർവേഷന്റെ വിശദവിവരം യാത്രക്കാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകൾ ഒഴിപ്പിച്ചു നൽകിവരുന്ന അവസരങ്ങളിലും കണ്ടക്ടർമാരും യാത്രക്കാരുമായി സംഘർഷം ഉണ്ടാകുന്നുണ്ട്. ഇതു സംബന്ധമായി ജീവനക്കാർ മർദ്ദനമേറ്റിട്ട് ഇപ്പോൾ ആശുപത്രിയിലാണെന്ന് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി) സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ അവർക്കുതന്നെ ലഭ്യമാക്കുവാൻ കോർപ്പറേഷൻ പരമാവധി ശ്രമിക്കാറുണ്ട്. ഇതിനു യാത്രക്കാരുടെ സീറ്റ് ഒഴിഞ്ഞു കൊടുക്കാൻ കണ്ടക്ടർമാർ ആവശ്യപ്പെടുമ്പോൾ ചില പുരുഷയാത്രക്കാർ തയ്യാറാകാത്തതാണ് കാരണം.

(സി) ഈ വിവരം വർത്തമാനപ്പത്രങ്ങളിൽക്കൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.